**<u>സർക്കുലർ</u>**

നം. 167/NSS/DHSE/2014 20/10/2014

**<u>ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റിന് അപേക്ഷ ക്ഷണിക്കുന്നു.</u>**

ഗവൺമെന്റ്/എയ്ഡഡ്/അൺഎയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഈ അധ്യയനവർഷം മുതൽ സ്വാശ്രയ എൻ.എസ്.എസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ പ്രോഗ്രാം കോ-ഓഡിനേറ്റർ, എൻ.എസ്.എസ്.സെൽ, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം- 695001 എന്ന വിലാസത്തിലും അപേക്ഷയുടെ കോപ്പികൾ ശ്രീ. സാമുവൽ ചെല്ലയ്യ, യൂത്ത് ഓഫീസർ & ഹെഡ് ഓഫ് ഓഫീസ്, സി.ജി.ഒ കോംപ്ലക്സ്, ബ്ലോക്ക് –ഡി, സെക്കന്റ് ഫ്ളോർ, പൂങ്കുളം, തിരുവനന്തപുരം -695522 എന്ന വിലാസത്തിലും സ്റ്റേറ്റ് ലൈസൻ ഓഫീസർ, സ്റ്റേറ്റ് എൻഎസ്എസ് സെൽ, വികാസ് ഭവൻ, ഫോർത്ത് ഫ്ളോർ, തിരുവനന്തപുരം എന്ന വിലാസത്തിലും 2014 ഒക്ടോബർ 29 ന് 5 മണിക്ക് മുമ്പായി ലഭിക്കേണ്ടതാണ്. എൻ.എസ്.എസ്. യൂണിറ്റുകൾക്കായി മുമ്പ് നൽകിയ അപേക്ഷകൾ പരിഗണിക്കുന്നതല്ല. സംസ്ഥാന സർക്കാരിന്റെ അനുമതിക്ക് വിധേയമായി മാത്രമേ സ്വാശ്രയ എൻഎസ്എസ് യൂണിറ്റുകൾ അനുവദിക്കുകയുള്ളു.

ഒപ്പ്
പ്രോഗ്രാം കോ-ഓഡിനേറ്റർ

## മാർഗ്ഗ നിർദ്ദേശങ്ങൾ

1. ഗവൺമെന്റ്/എയ്ഡഡ്/അൺഎയ്ഡഡ് വിദ്യാലയങ്ങൾക്ക് എൻഎസ്എസ് യൂണിറ്റിന് അപേക്ഷ നൽകാവുന്നതാണ്.(Annexure –A)
2. യൂണിറ്റ് ലഭിച്ചു കഴിഞ്ഞാൽ കുറഞ്ഞത് 6 വർഷം തുടർച്ചയായി പ്രവർത്തിച്ചു കൊള്ളാമെന്ന് പ്രിൻസിപ്പൽ സത്യവാങ്മൂലം സമർപ്പിക്കണം..(Annexure –B)
3. വിദ്യാലയത്തിന് എൻഎസ്എസ് യൂണിറ്റ് ലഭിച്ചു കഴിഞ്ഞാൽ സാമൂഹിക പ്രതിബദ്ധതയിൽ താൽപര്യമുള്ള അധ്യാപകൻ/അധ്യാപിക യെ പ്രോഗ്രാം ഓഫീസറായി ചുമതല ഏൽക്കേണ്ടതും തുടർച്ചയായി മൂന്ന് വർഷം സേവനമനുഷ്ഠിക്കേണ്ടതുമാണ്. ( സ്കൂൾ ട്രാൻസ്ഫർ ഒഴികെ)
4. പുതിയ യൂണിറ്റുകളിൽ ആദ്യവർഷം +1 ലെ 50 വിദ്യാർത്ഥികൾക്ക് മാത്രമേ എൻഎസ്എസ് യൂണിറ്റിൽ വോളണ്ടിയർ ആയി സേവനം അനുഷ്ഠിക്കാൻ കഴിയുകയുള്ളൂ.
5. വോളണ്ടിയേഴ്സ് തെരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് 109/NSS/DHSE/2014 തീയതി 30/07/2014 സർക്കുലർ കാണുക.
6. സ്വാശ്രയ എൻഎസ്എസ് യൂണിറ്റുകൾക്ക് പ്രവർത്തന ചെലവ് ഇപ്രകാരം കണ്ടെത്താം.
    1. പിറ്റിഎ ഫണ്ട്
    2. സിഎസ്ആർ ഫണ്ട് (Corporate Social Responsibility Fund)
    3. പഞ്ചായത്ത്/മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവരുടെ സ്പോൺസർഷിപ്പ് തുടങ്ങിയവ
    4. എൻഎസ്എസിൽ ചേരുന്ന വോളണ്ടിയർമാരിൽ നിന്നും ഒന്നാം വർഷം റെഗുലർ ആക്ടിവിറ്റിക്കായി 250 രൂപയും സ്പെഷ്യൽ ക്യാമ്പിനായി 450 രൂപയും രണ്ടാം വർഷ വോളണ്ടിയർമാരിൽ നിന്ന് റെഗുലർ ആക്ടിവിറ്റിക്കായി 250 രൂപയും വാങ്ങാവുന്നതാണ്.
7. റെഗുലർ ആക്ടിവിറ്റിയിൽ നിന്ന് ഒരു വിദ്യാർത്ഥിക്ക് 30 രൂപ ക്രമത്തിൽ വർഷം 3000 രൂപ ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം എന്ന പേരിൽ ഡിഡി ആയി സെപ്റ്റംബർ 20 നു മുൻപായി എൻഎസ്എസ് സെല്ലിൽ നൽകേണ്ടതാണ്.

റെഗുലർ ആക്ടിവിറ്റി - 100 x Rs.250 = Rs. 25000/-
(യൂണിറ്റ് ആരംഭിക്കുന്ന വർഷം- 50 x 250 = 12500/-)

സ്പെഷ്യൽ ക്യാമ്പ് - 50x Rs. 450= Rs. 22500/-

പ്രിൻസിപ്പലിന്റെയും പ്രോഗ്രാം ഓഫീസറുടെയും പേരിലുള്ള ജോയിന്റ്

ബാങ്ക് അക്കൗണ്ട് എൻഎസ്എസ് പ്രവർത്തനങ്ങൾക്ക് മാത്രമായി ഉണ്ടായിരിക്കേണ്ടതാണ്

8. എൻറോൾമെന്റ് ലിസ്റ്റ് സമർപ്പിക്കുന്ന സമയത്ത് എൻഎസ്എസ് ബാങ്ക് അക്കൗണ്ടിൽ നിശ്ചിത തുക ഉണ്ടായിരിക്കേണ്ടതാണ്. അതോടൊപ്പം പാസ്ബുക്കിന്റെ അറ്റസ്റ്റഡ് കോപ്പി എൻഎസ്എസ് സെല്ലിൽ സമർപ്പിക്കേണ്ടതാണ്.
9. ഒരു വിദ്യാലയത്തിൽ ഒരു എൻഎസ്എസ് യൂണിറ്റിൽ കൂടുതൽ അനുവദിക്കുന്നതല്ല.
10. സാമ്പത്തികം ഒഴികെ നിലവിലെ എൻഎസ്എസ് യൂണിറ്റുകൾക്ക് ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ സ്വാശ്രയ എൻഎസ്എസ് യൂണിറ്റുകൾക്കും ലഭ്യമാകുന്നതാണ്.നിലവിൽ സർക്കാർ നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന എൻഎസ്എസ് യൂണിറ്റുകളുടെ പ്രവർത്തനം/ഭരണകാര്യം തുടങ്ങിയവ സ്വാശ്രയ എൻഎസ്എസ് യൂണിറ്റുകൾക്കും ബാധകമായിരിക്കും.
11. ഈ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി വിദ്യാർത്ഥികളിൽ നിന്നോ മറ്റ് തരത്തിലോ ഫണ്ട് സ്വീകരിക്കുന്നതായി ശ്രദ്ധയിൽപെട്ടാൽ യൂണിറ്റ് റദ്ദു ചെയ്യുന്നതായിരിക്കും.
12. എല്ലാ വിദ്യാലയത്തിലും എൻഎസ്എസ് യൂണിറ്റിന് സ്വന്തമായി ഓഫീസ് റൂം ഉണ്ടായിരിക്കേണ്ടതാണ്.
13. പ്രോഗ്രാം ഓഫീസർ എറണാകുളം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് കളമശ്ശേരിയിലെ പ്രോഗ്രാം ഓഫീസർമാർക്കുള്ള 7 ദിവസത്തെ സഹവാസ ട്രെയിനിങ്ങിൽ ആദ്യവർഷം തന്നെ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. കൂടാതെ ഹയർ സെക്കണ്ടറി എൻഎസ്എസ് നടത്തുന്ന ക്യാമ്പുകൾ, പഠന ക്ലാസ്സുകൾ, ശിൽപശാല, ജില്ലാ സംസ്ഥാന പരിപാടികൾ എന്നിവയിലും പങ്കെടുക്കേണ്ടതാണ്.
14. റെഗുലർ ആക്ടിവിറ്റി, സ്പെഷ്യൽ ക്യാമ്പിന്റെ ഏപ്രിൽ 1 മുതൽ മാർച്ച് 31 (യൂണിറ്റ് ആരംഭിക്കുന്ന വർഷം മാത്രം ആരംഭിച്ച ദിവസം മുതൽ മാർച്ച് 31 വരെ) വരെയുള്ള ചാർട്ടഡ് അക്കൗണ്ടന്റ് ആഡിറ്റ് നടത്തിയ റിപ്പോർട്ട് എൻഎസ്എസ് സെല്ലിൽ ലഭ്യമാക്കേണ്ടതാണ്. (വിശദാംശങ്ങൾ അതാത് സമയം സർക്കുലറിലൂടെ അറിയിക്കുന്നതാണ്.)
15. ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനം ശക്തവും സുതാര്യവുമാണ്. പ്രവർത്തനങ്ങളെ മുന്നോട്ട് നയിക്കുന്നതിനായി വിവിധതലത്തിൽ പ്രവർത്തിക്കുന്ന നേതൃത്വങ്ങളുണ്ട്. അവരുമായുള്ള ആശയ വിനിമയം പ്രാധാന്യമർഹിക്കുന്നു.
16. എൻഎസ്എസ് വിവിധ പ്രവർത്തനങ്ങൾ നടത്തുമ്പോൾ പ്രവർത്തനശൈലി, പദ്ധതി/പരിപാടിയുടെ ആസൂത്രണം, നടത്തിപ്പ് തുടങ്ങിയവ സംശയങ്ങൾക്ക് അതീതമായിരിക്കണം. ആശയങ്ങൾകൊണ്ട് സംപുഷ്ടമായിരിക്കണം.

17. എൻഎസ്എസ് ന്റെ പരിപാടികളിൽ  പ്രോട്ടോകോൾ കൃത്യമായി പാലിക്കണം.
18. നാഷണൽ സർവ്വീസ് സ്കീമിന്റെ സംഘടനാ സംവിധാനം പൂർണ്ണമായും മനസിലാക്കുകയും ഓരോ വ്യക്തികൾക്കുമുള്ള Designation മനസിലാക്കുകയും വേണം. Designation തെറ്റായി രേഖപ്പെടുത്തുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.
19. എൻഎസ്എസ് പ്രവർത്തനങ്ങൾ സാമൂഹിക സന്നദ്ധ പ്രവർത്തനമാണ്. സന്നദ്ധ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയാണ് പദ്ധതികൾ/പരിപാടികൾ നടത്തുന്നത്.പണപ്പിരിവോ/എൻഎസ്എസിന് നിരക്കാത്ത തരത്തിൽ ഫണ്ട് ശേഖരണമോ ഉണ്ടായാൽ യാതൊരു കാരണവശാലും ആ യൂണിറ്റിനെ തുടർന്ന്പ്രവർത്തിക്കുന്നതിന് അനുവദിക്കുന്നതല്ല .

NATIONAL SERVICE SCHEME
HIGHER SECONDARY EDUCATION, KERALA
APPLICATION FOR SELF –FINANCING NSS UNITS

Name of District :

Name of School , Phone No & Email ID :

Name of Principal, Phone No. & Email ID :

School Category(Government/Aided/Unaided) :

Whether Institution has necessary Recognition/ Affiliation ? If so, details thereof. Also, please enclose a copy of the relevant document :

Whether Institution already has Regular NSS units :

Proposed Source/Scale of funding of NSS Activities/ Programmes :

Year of Starting Higher Secondary :

Number of Students :

| | Plus One | | | | Plus Two | | | |
|---|---|---|---|---|---|---|---|---|
| | GEN | OBC | SC | ST | GEN | OBC | SC | ST |
| Boys | | | | | | | | |
| Girls | | | | | | | | |

School Situated Area : Rural Urban Tribal Costal

No.of Teachers : Male Female Total

Name & Phone number of teachers who willing to take NSS charge:

School having : NCC

| YES | NO |
|---|---|

SPC

| YES | NO |
|---|---|

Remarks:

Date: Name and Signature of Principal (With Seal)

# **Annexure (B)**

## **സമ്മതപത്രം**

.................................................................ജില്ലയിൽ..............................................................വില്ലേജിൽ ..........................................................................പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ സ്ഥിതി ചെയ്യുന്ന............................................................................................ സ്കൂളിലെ മാനേജർ, പ്രിൻസിപ്പൽ, പി.റ്റി.എ പ്രസിഡന്റ് എന്നിവർ സംയുക്തമായി നൽകുന്ന സമ്മതപത്രം.

സ്വാശ്രയ എൻഎസ്എസ് യൂണിറ്റ് അനുവദിച്ചാൽ 6 വർഷം തുടർച്ചയായി പ്രവർത്തിച്ചു കൊള്ളാമെന്ന് മാർഗ്ഗ നിർദ്ദേശങ്ങളിലുള്ള നിബന്ധനകൾക്ക് വിപരീതമായി പ്രവർത്തിക്കുകയില്ലെന്നും അങ്ങനെ പ്രവർത്തിക്കുകയാണെങ്കിൽ സ്കൂളിലെ എൻഎസ്എസ് യൂണിറ്റിന്റെ നടത്തിപ്പ് നിർത്തുന്നതുൾപ്പെടെയുള്ള നടപടികൾക്ക് വിധേയരാകാമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

സ്കൂൾ മാനേജർ :

പ്രിൻസിപ്പൽ :

പി.റ്റി.എ.പ്രസിഡന്റ് :